# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്തചോദ്യം നം.452 | 27.09.2011 -ൽ മറുപടിയ്ക്ക് |
|---|---|

### സാമൂഹ്യ സുരക്ഷാ മിഷൻ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വി. ശ്രേയാംസ്കുമാർ | | ഡോ. എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) | |
| (എ) | സാമൂഹ്യ സുരക്ഷാ മിഷനു കീഴിൽ നടപ്പിലാക്കുന്ന പദ്ധതികൾ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | 1. സാമൂഹ്യ സുരക്ഷാ മിഷനു കീഴിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ കാര്യക്ഷമമാക്കുന്നതിന് ചുമതല നൽകിയിട്ടുള്ള വിവിധ തലങ്ങളിലുള്ളവർക്ക് ആവശ്യമായ പരിശീലനം നൽകുകയും പദ്ധതി എല്ലാ മാസവും അവലോകനം ചെയ്ത് പുരോഗതി ഉറപ്പുവരുത്തുകയും ചെയ്തു വരുന്നു.<br>2. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനാവശ്യമായ ഫണ്ട് കണ്ടെത്തി യഥാസമയം നൽകി വരുന്നു.<br>3. ബഹുജന പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനാവശ്യമായ ബോധവർക്കരണത്തിന് സെമിനാർ, ശിൽപശാല എന്നിവ നടത്തിവരുന്നു.<br>4. പദ്ധതികളെപ്പറ്റിയുള്ള അവബോധം പൊതുജനങ്ങളിൽ എത്തിക്കുന്നതിനാവശ്യമായ പരസ്യം പത്രമാദ്ധ്യമങ്ങൾ വഴി നൽകുകയും ലഘുലേഖ, പോസ്റ്ററിംഗ്, ന്യൂസ് ലെറ്റർ എന്നിവ വഴി സാമൂഹ്യ സുരക്ഷാ മിഷന്റെ പ്രവർത്തനങ്ങളും പദ്ധതികളും ജനങ്ങളെ അറിയിക്കുന്നു<br>5. എക്സിക്യൂട്ടീവ് ഡയറക്ടർ, റീജിയണൽ ഡയറക്ടർമാർ, പ്രോഗ്രാം കോർഡിനേറ്റർമാർ എന്നിവരുടെ നേതൃത്വത്തിൽ നിരന്തരമായ പദ്ധതി മോണിട്ടറിംഗ് നടന്നു വരുന്നു. |

| | | | |
|---|---|---|---|
| (ബി) | സാമൂഹ്യ സുരക്ഷാ മിഷൻ പദ്ധതി നടത്തിപ്പിന്റെ സംഘടനാ സംവിധാനം വ്യക്തമാക്കുമോ; | (ബി) | സാമൂഷ്യക്ഷേമ വകുപ്പ് മന്ത്രി ചെയർമാനും, സാമൂഹ്യക്ഷേമ വകുപ്പ് സെക്രട്ടറി വൈസ് ചെയർമാനുമായുള്ള ഗവേണിംഗ് ബോഡിയുടേയും സാമൂഹ്യ ക്ഷേമ വകുപ്പ് സെക്രട്ടറി ചെയർമാനും, കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ മെമ്പർ സെക്രട്ടറിയുമായ എക്സിക്യൂട്ടീവ്കമ്മിറ്റിയുടേയും തീരുമാനങ്ങൾക്കും, സർക്കാർ നയങ്ങൾക്കുംഉത്തരവുകൾക്കും അനുസൃതമായി സാമൂഹ്യ സുരക്ഷാ മിഷൻ പദ്ധതികൾ നടത്തി വരുന്നു.<br>കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ ആസ്ഥാന ആഫീസിൽ എക്സിക്യൂട്ടീവ് ഡയറക്ടറുടെ കീഴിൽ ചുവടെ പറയുന്ന തസ്തികകൾ അനുവദിച്ചിട്ടുണ്ട്.<br>റീജിയണൽ ഡയറക്ടർ -3<br>അഡ്മിനിസ്ട്രേറ്റീവ് കം അക്കൗണ്ട്സ് ആഫീസർ -1<br>പ്രോഗ്രാം കോർഡിനേറ്റർ -3<br>അസിസ്റ്റന്റ് -6<br>പ്യൂൺ -5<br><br>കൂടാതെ താലോലം, ക്യാൻസർ സുരക്ഷാ പദ്ധതികൾ നടപ്പാക്കുന്ന ആശുപത്രികളിൽ ഓരോ കൗസിലർമാരേയും വയോമിത്രം പദ്ധതി നടപ്പാക്കുന്ന 14 ജില്ലാ ആസ്ഥാനങ്ങളിലെ കോർപ്പറേഷൻ/മുനിസിപ്പൽ പ്രദേശത്തെ വയോമിത്രം പ്രോജക്ടുകളിൽ 2 കൗൺസിലർമാരെ വീതവും വൈകല്യ നിർണ്ണയ മെഡിക്കൽ സർട്ടിഫിക്കേഷൻ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന് ജില്ലാ കോർഡിനേറ്റർമാരേയും കരാർ അടിസ്ഥാനത്തിൽ നിയോഗിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | നിലവിലുള്ള സംഘടനാ സംവിധാനം ശക്തിപ്പെടുത്തുന്ന കാര്യത്തിലുള്ള നിലപാട് വ്യക്തമാക്കുമോ? | (സി) | കൂടുതൽ പദ്ധതികൾ നടപ്പിലാക്കേണ്ടി വരുന്ന മുറയ്ക്ക് കൂടുതൽ ജീവനക്കാരെ നിയോഗിക്കാവുന്നതും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളേയും സാമൂഹ്യക്ഷേമ വകുപ്പിലെ ഐ.സി.ഡി.എസ്. പ്രോജക്ടുകളേയും ബന്ധപ്പെടുത്തി വിപുലമായ സേവന സൗകര്യങ്ങളുടെ പിന്തുണ ഉറപ്പാക്കാവുന്നതാണ് |

R. Vijayal

സെക്ഷൻ ഓഫീസർ